## ദേശീയ ഗെയിംസ് സംഘാടന കമ്മിറ്റികൾ

279 (285) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് സംഘാടനവുമായി ബന്ധപ്പെട്ട് എത്ര കമ്മിറ്റികൾ രൂപീകരിച്ചു ; അവയിൽ നിന്നും പിന്നീട് ആരൊക്കെ രാജിവെച്ചു ; രാജി സന്നദ്ധത പ്രസ്താവനയിലൂടെയും മറ്റും അറിയിച്ചവർ ആരൊക്കെ; വിശദമാക്കാമോ;

(ബി) രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ ഓരോന്നും എത്ര തവണ വീതം യോഗം ചേർന്നു ; രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ ഏതെങ്കിലും യോഗം ചേരാതിരുന്നിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) ഏത് മന്ത്രിസഭാ യോഗത്തിലാണ് സ്പോർട്സ് വകുപ്പുമന്ത്രി, വകുപ്പ് ഒഴിവാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടായിരുന്നത് ; കാരണം എന്തായിരുന്നു ; ചീഫ് സെക്രട്ടറിയുടെ ഏതെങ്കിലും നിലപാടിനെ സ്പോർട്സ് വകുപ്പുമന്ത്രി മന്ത്രിസഭാ യോഗത്തിലും പുറത്തും വിമർശിക്കുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയ ഗെയിംസ് സംഘാടനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി :

1. നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റികൾ
2. എക്സിക്യൂട്ടീവ് കൗൺസിൽ
3. 22 സബ് കമ്മിറ്റികൾ
4. 7 ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികൾ

കമ്മിറ്റികളിൽനിന്നും രാജിവച്ചവരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) റിപ്പോർട്ടുകൾ വസ്തുതാപരമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly